भारतीय गैर न्यायिक

भारत

दस रुपये रु.10

TEN RUPEES

GOVERNMENT OF KERALA
REVALIDATED TO
Rs. 100
(HUNDRED RUPEES)
Rs. 10

SIGNATURE OF THE PROPER OFFICER WITH DATE

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

32AA 104387

2024- മാണ്ട് ഏപ്രിൽ മാസം 1–ാം തീയതി കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുൻപാകെ ഗോവിന്ദ്.എസ്.നന്ദനം,പാറേപ്പള്ളത്ത്,കരിങ്ങാംതുരുത്ത് എഴുതിക്കൊടുത്ത കരാർ ഉടമ്പടി.

കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് വക അടിക്കുളം മാർക്കറ്റിൽ ഗ്രാമപഞ്ചായത്ത് പണിതിരിക്കുന്ന ഷോപ്പിംഗ് കോപ്ലക്സിലെ 11/352 N–ാം നമ്പർ മുറി 2024–25 സാമ്പത്തിക വർഷത്തേക്ക് 2940/- (പഞ്ചായത്ത് കമ്മിറ്റിയുടെ 26.02.2024 തീയതിയിലെ 49(2) തീരുമാനപ്രകാരം,2023–24 ൽ ലേലം കൊണ്ടിട്ടുള്ള തുകയായ 2800/–രൂപയുടെ 5% കൂടിയ തുക) നിരക്കിൽ ടി മുറി വാടകയ്ക്ക് ഉപയോഗിക്കുന്നതിന് താഴെ കാണിച്ചിട്ടുള്ള വ്യവസ്ഥകളും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.06.2023 തീയതിയിലെ 38(1) നമ്പർ തീരുമാനപ്രകാരം ,ഷോപ്പിംഗ് കോപ്ലക്സ് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുള്ള ബൈലോ പ്രകാരമുള്ള എല്ലാ നിയമങ്ങളും ഞാൻ അനുസരിച്ചുകൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ഒന്നാം കക്ഷി :

രണ്ടാം കക്ഷി :

No. 507 Date

Sold to

സബ് ട്രഷറി

A. A. REVI
STAMP VENDOR ALANGAD

भारतीय गैर न्यायिक

भारत

दस रुपये रु.10

TEN RUPEES

GOVERNMENT OF KERALA REVALIDATED TO Rs. 100 (HUNDRED RUPEES)

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

32AA 104388

1. പഞ്ചായത്തിൽ നിന്നും വാങ്ങുന്ന ലൈസൻസിൽ വിവരിക്കുന്ന കാര്യങ്ങൾക്ക് മാത്രമേ ഈ മുറി ഉപയോഗിക്കുകയുള്ളുവെന്നും പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായ സാധനങ്ങൾ മുറിയ്ക്കുള്ളിൽ സൂക്ഷിക്കുകയോ പ്രദർശിപ്പിക്കുകയോ വിൽപ്പന നടത്തുകയോ പാടില്ലാത്തതാകുന്നു. ടി മുറിയും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതും സ്ഥാപനത്തിന്റെ പ്രവർത്തനത്തോട് അനുബന്ധിച്ചുണ്ടാകുന്ന മാലിന്യങ്ങൾ സ്വന്തം ചെലവിൽ സംസ്കരിക്കേണ്ടതുമാണ്.
2. ലേലം കൊണ്ടിട്ടുള്ള മുറികളുടെ വാടക എല്ലാ മാസവും 5–ാം തീയതിക്കുള്ളിൽ അടക്കേണ്ടതും അതിനു വീഴ്ച വരുത്തിയാൽ 12 % പിഴ പലിശ അടയ്ക്കേണ്ടതാണ്.

ഒന്നാം കക്ഷി :

രണ്ടാം കക്ഷി :

സബ് ട്രഷറി

കളമശ്ശേരി

No. 508

Sold to

A. K. REVI
STAMP VENDOR ALANGAD

3. കെട്ടിടത്തിന്റെ നിലവിലുള്ള സൗകര്യങ്ങളല്ലാതെ കൂടുതലായി യാതൊരു സൗകര്യങ്ങളും ഉണ്ടാക്കിതരുവാൻ ഞാൻ അവകാശപ്പെടുകയോ കൂടുതൽ സൗകര്യങ്ങൾ വേണ്ടി വരികയാണെങ്കിൽ പഞ്ചായത്തിന്റെ അനുവാദത്തോടു കൂടി സ്വന്തം ഉത്തരവാദിത്വത്തിൽ ഞാൻ ഏർപ്പെടുത്തി കൊള്ളാവുന്നതും മുറി ഒഴിയുന്ന സമയത്ത് പൂർവ്വ സ്ഥിതിയിൽ ആക്കിത്തരുന്നതുമാണ്.

4. ടി മുറിയുടെ കറന്റ് ചാർജ്ജും വാട്ടർ ചാർജ്ജും മറ്റു സർവ്വീസ് ചാർജജുകൾ എന്നിവ യഥാ സമയം അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കാതിരിക്കുന്നതിന് പഞ്ചായത്തിന് എന്തെങ്കിലും നഷ്ടമോ ബാദ്ധ്യതകളോ ഉണ്ടായാൽ ആയതുകൾക്ക് ഞാൻ മാത്രം ഉത്തരവാദിയായിരിക്കന്നതാണ്

5. ഏതെങ്കിലും കാരണവശാൽ കരാർ തീരുന്നതിനു മുമ്പ് മുറി ഒഴിയുന്നതായാൽ രണ്ടു മാസം മുമ്പ് പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചു കൊള്ളുന്നതാണ്.

6. ഞാൻ (ലേലക്കാരൻ) മുൻകൂറായി രേഖാമൂലം ആവശ്യപ്പെട്ടാൽ ലേല കാലാവധി തീരും മുമ്പ് തന്നെ എന്റെ സെക്യൂരിറ്റിയും മുൻകൂർ വാടകയും പിഴയായി വസൂലാക്കികൊണ്ട് എന്നെ ഒഴിവാക്കി മുറി തിരിച്ചു വാങ്ങുവാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. ഡെപ്പോസിറ്റ് സംഖ്യയ്ക്ക് യാതൊരു പലിശയും ലഭിക്കുവാൻ അർഹത ഇല്ലായെന്ന് എനിക്ക് അറിയാവുന്നതും ഞാൻ ആപ്രകാരം ആവശ്യപ്പെടുന്നതല്ലാത്തതുമാകുന്നു.

8. 1.04.2024 മുതൽ 31.03.2025 ന് അവസാനിക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിൽ കാലാവധി അവസാനിക്കുന്നതുമാണ്.

9. മേൽപറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിച്ചാൽ എന്റെ അവകാശം റദ്ദ് ചെയ്യുന്നതിനും നിയമാനുസൃതമായ പിഴ ചുമത്തുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി സ്വീകിരക്കുന്നതിനും എനിയ്ക്ക് സമ്മതമാണ്.

10. പഞ്ചായത്ത് വക കെട്ടിടങ്ങളിലും സ്റ്റാളുകളിലും മൃഗങ്ങളെ കശാപ്പുചെയ്യുന്നത് അനുവദനീയമല്ല.

ഒന്നാം കക്ഷി :

രണ്ടാം കക്ഷി :

ഇതിലെ നിശ്ചയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായാലും രണ്ട് മാസത്തെ വാടക തുടർച്ചയായി മുടക്ക് വരുത്തുന്നതായാലും കാലാവധി പരിഗണിക്കാതെ ടി കെട്ടിടത്തിൽ നിന്നും എന്നെ ഒഴിപ്പിച്ചുകൊള്ളുന്നതിന് സമ്മതിച്ചും ഒഴിപ്പിച്ചെടുക്കുന്നതിന് വാടക ബാക്കി, പിഴ മുതലായവ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കാവുന്നതാണെന്നും കുടിശിക തുക റവന്യു റിക്കവറി നടപടികളിലൂടെ വസൂലാക്കുന്നതിനും പഞ്ചായത്തിലേക്ക് വല്ല വ്യവഹാരത്തിനും ഇടവരുത്തിയാൽ തൻമൂലം പഞ്ചായത്തിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഞാൻ ഉത്തരവാദിയായും എന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ചാർജ്ജുമായിരിക്കുന്നതാണെന്നും സമ്മതിച്ചിരിക്കുന്നു. മേൽപ്രകാരം എല്ലാം സമ്മതിച്ച് താഴെ എഴുതുന്ന സാക്ഷികൾ കാൺകെ ടി വാടക കരാറിൽ ഞാൻ ഒപ്പിട്ട് തന്നിരിക്കുന്നു.

ഒന്നാം പാർട്ടി :

രണ്ടാം പാർട്ടി :

സാക്ഷികൾ

1.

2.